പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 287 — 01/12/2014-ലെ മറുപടിക്ക്

ജയിലുകളിലെ അനിഷ്ട സംഭവങ്ങളുടെ വിശദവിവരങ്ങൾ

ചോദ്യം

ശ്രീ.കെ.രാധാകൃഷ്ണൻ

ശ്രീ.പുരുഷൻ കടലുണ്ടി

ശ്രീ.ജെയിംസ് മാത്യു

ശ്രീ.കെ.കെ.നാരായണൻ

മറുപടി

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) തടവുകാർക്കിടയിൽ വർഗ്ഗീയവും രാഷ്ട്രീയവുമായ ചേരിതിരിവുകൾ ഉണ്ടാക്കുന്ന ഉദ്യോഗസ്ഥ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) തടവുകാർ ഉദ്യോഗസ്ഥന്മാരാൽ പീഡിപ്പിക്കപ്പെടുന്നതും പരസ്പരം ഏറ്റുമുട്ടുന്നതുമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; | ബി) ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട് |
| സി) ഈ സർക്കാരിന്റെ കാലത്ത് ജയിലുകളിലുണ്ടായ മർദ്ദനങ്ങളും അനിഷ്ട സംഭവങ്ങളും സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാണോ? എങ്കിൽ വിശദമാക്കാമോ; | സി) ലഭ്യമാണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ഡി) വിയ്യൂർ സെൻട്രൽ ജയിലിൽ തടവുകാർക്കെതിരെ ഈയിടെയുണ്ടായ ജയിൽ വാർഡന്മാരുടെ മൂന്നാംമുറ പ്രയോഗങ്ങളും മർദ്ദനവും സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ? എങ്കിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | സി) ജയിലുദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തിനും ജയിൽ അച്ചടക്കത്തിനും വിഘാതമായി തടവുകാർ പ്രവർത്തിച്ചുവെന്ന് അന്വേഷണത്തിൽ വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ തടവുകാരുടെ പേരിൽ വിയ്യൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ജില്ലാജയിൽ, തിരുവനന്തപുരം

1) 27.11.2013 തീയതിയിൽ യു.ടി.നം.5348 സുരേഷ് S/o. മധു എന്ന പ്രതി യു.ടി.നം.5320 രാജേഷ് S/o. കൃഷ്ണൻ നായർ എന്ന തടവുകാരനെ മർദ്ദിച്ച് പരിക്കേൽപ്പിച്ചതിനെ തുടർന്ന് പൂജപ്പുര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുളളതാണ്.

2) 11.10.2014 തീയതിയിൽ യു.ടി.നം.5380 ബി സിംഗ്, യു.ടി.നം.5383 രാകേഷ്കുമാർ ഗൗള, യു.ടി.നം.5381 അനീഷ് ഗൗള എന്നീ തടവുകാർ ചേർന്ന് യു.ടി.നം.6923 ചന്ദ്രൻ സിംഗിനെ മർദ്ദിച്ച് പരിക്കേൽപ്പിച്ചതിനെ തുടർന്ന് പൂജപ്പുര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുളളതാണ്.

## ജില്ലാജയിൽ, പത്തനംതിട്ട

29.09.2013 തീയതിയിൽ യൂറ്റി - 4707 അബ്ദുൾ കരീം എന്ന തടവുകാരനെ ജയിൽ ഉദ്യോഗസ്ഥർ മർദ്ദിച്ചതായി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് II പത്തനംതിട്ട കോടതിയിൽ പരാതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ മനുഷ്യവകാശ കമ്മീഷനോട് കോടതി നിർദ്ദേശിക്കുകയും കമ്മിഷന്റെ നിർദ്ദേശത്തെ തുടർന്ന് ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. സുരേഷ് ബാബുവിനെയും അസി: പ്രിസൺ ഓഫീസർ ശ്രീ. അബ്ദുൾ സത്താറിനെയും തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. വാദിയും പ്രതികളായ ഉദ്യോഗസ്ഥരും പുറത്ത് വെച്ച് ഒത്തുതീർപ്പായതിനെ തുടർന്ന് മനുഷ്യവകാശ കമ്മീഷൻ കേസ് അവസാനിപ്പിക്കുകയും ചെയ്തു.

## ജില്ലാജയിൽ, ആലപ്പുഴ

4 കേസുകൾ എടുത്തിട്ടുണ്ട്.
1076/13 ആലപ്പുഴ സൗത്ത്. പി. എസ്
1110/2013 20.07.13 ആലപ്പുഴ സൗത്ത്. പി. എസ്
334/2014 04.03.2014 ആലപ്പുഴ സൗത്ത്. പി. എസ്
1070/2014 22.08.2014 ആലപ്പുഴ സൗത്ത്. പി. എസ്

## സ്പെഷ്യൽ സബ്ജയിൽ, കാസർഗോഡ്

കാസർഗോഡ് സ്പെഷ്യൽ സബ്ജയിലിൽ താത്കാലിക ജീവനക്കാരനായ ഉദ്യോഗസ്ഥനെ ആക്രമിച്ച് നാല് തടവുകാർ രക്ഷപ്പെട്ടിട്ടുണ്ട്.

# സ്പെഷ്യൽ സബ്ജയിൽ, നെയ്യാറ്റിൻകര

1) വിയ്യൂർ സെൻട്രൽ ജയിലിലെ സി.898, സതീഷ് കുമാർ S/o. ഗോപാലൻ എന്ന പ്രതിയെ 01.05.2013 ന് എൻറൂട്ടായി നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിലിൽ പ്രവേശിപ്പിച്ച സമയം ജയിൽ ചട്ട പ്രകാരമുള്ള ദേഹ പരിശോധനക്ക് ശ്രമിച്ച വാർഡർമാരായ സോനു, രാജീവ്, ഷിജു എന്നിവരെ ടിയാൻ തെറിവിളിക്കുകയും, ആക്രമിച്ച് പരിക്കേൽപ്പിക്കുകയും, വധഭീഷണി നടത്തുകയും, ഔദ്യോഗിക കൃത്യനിർവഹണത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്തതിന് നെയ്യാറ്റിൻകര പോലീസ് ക്രൈം നമ്പർ 528/13 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2) ടി സംഭവവുമായി ബന്ധപ്പെട്ട് സി.898, സതീഷ് കുമാറിന്റെ ഭാര്യ പ്രതീജ ടിയാനെ സനൽകുമാർ, ലാൽ, സോനു, രാജീവ്, ഷിജു തുടങ്ങിയ ജയിൽ ഉദ്യോഗസ്ഥർ മർദ്ദിച്ചതായുള്ള പരാതി സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് നൽകുകയും ആയതു പ്രകാരം ദക്ഷിണ മേഖല ജയിൽ ഡി.ഐ.ജി. ശ്രീ.ബി. പ്രദീപിനെ ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്, അന്വേഷണത്തിന് നിയോഗിക്കുകയും ചെയ്തു. UT.2382 രാജേഷ് UT.2383 അനിൽ, UT.2384 പ്രസാദ് കുമാർ, UT.2385 ഗിരീഷ്കുമാർ, UT.2386 പ്രേം കുമാർ എന്നിവരുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനായി വിവരങ്ങൾ തിരക്കിയ സമയം 11.11.2013 രാവിലെ ഉദ്ദേശം 10.30 മണിക്ക് ശ്രീ. വേലപ്പൻ നായർ അസിസ്റ്റന്റ് ജയിലറോട് UT.2382 രാജേഷ് കയർത്ത് സംസാരിക്കുകയും തുടർന്ന് ശ്രീ. സനൽകുമാർ, ഹെഡ് വാർഡർ, വാർഡർമാരായ ശ്രീ. ശ്രീജി കൃഷ്ണ, ബിനുകുമാർ എന്നിവർ സംഭവ സ്ഥലത്ത് എത്തുകയും പ്രതികളും ഉദ്യോഗസ്ഥരുമായി വാക്കേറ്റമുണ്ടാവുകയും പിടിവലി കൂടുകയും ചെയ്തു. വാക്കേറ്റമുണ്ടായതിനും പിടിവലികൂടിയതിനും നെയ്യാറ്റിൻകര പോലീസ് ടി പ്രതികൾക്കെതിരെ ക്രൈം നമ്പർ 1446/13 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

3) ടി സംഭവവുമായി ബന്ധപ്പെട്ട് UT.2382 രാജേഷ് , UT.2385 ഗിരീഷ് കുമാർ എന്നീ തടവു കാരെ ശ്രീ. വേലപ്പൻ നായർ, അസിസ്റ്റന്റ് ജയിലർ, ശ്രീ. സനൽകുമാർ, ഹെഡ് വാർഡർ ശ്രീ. ശ്രീജികൃഷ്ണ, വാർഡർ എന്നിവർ ചേർന്ന് മർദ്ദിച്ചതായുള്ള പരാതി UT.2382 രാജേഷിന്റെ ഭാര്യ ശ്രീമതി. ദിവ്യ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് നൽകിയിട്ടുണ്ട്.

4) നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിലിൽ 11.09.2014 തീയതിയിൽ തടവുകാരെ കുളിപ്പിക്കുവാൻ ഇറക്കിയ സമയം 11-ാം ബ്ലോക്കിൽ വെച്ച് UT.3484 ടിജു, UT.3339 കൃഷ്ണനുമായി വാക്കേറ്റമുണ്ടാവുകയും കൈയേറ്റത്തോട് അടുക്കുകയും ചെയ്ത സമയം അത് നിയന്ത്രിക്കാനായി പോയ നിതിൻ, സജാത് സമീൻ എന്നീ അസി: പ്രിസൺ ഓഫീസർമാരെ UT.3484 ടിജു അസഭ്യം പറയുകയും തെറിവിളിക്കുകയും ഭീഷണിപ്പെടുത്തുകയും അടിക്കുവാൻ ശ്രമിക്കുകയും വധഭീഷണി മുഴക്കുകയും ഔദ്യോഗിക കൃത്യനിർവഹണത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്തതിന് നെയ്യാറ്റിൻകര പോലീസ് ടിയാനെതിരെ ക്രൈം നമ്പർ 1537/14 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## സ്പെഷ്യൽ സബ്ജയിൽ, തിരുവനന്തപുരം

2013 നവംബർ 27 ന് യു.റ്റി നമ്പർ 4939 സതീഷ് @ ബൈക്ക് സതീഷ് എന്ന തടവുകാരൻ ഈ ജയിലിലെ ഉദ്യോഗസ്ഥനായിരുന്ന ഉദയകുമാറിനെ ഡ്യൂട്ടിക്ക് തടസം ചെയ്യുകയും ജയിൽവക ജന്നൽ തകർത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ CC 1208/2014 എന്ന ഒരു കേസ് നടന്നു വരുന്നു.

## വനിതാജയിൽ, വിയ്യൂർ

വിയ്യൂർ വനിതാ ജയിലിൽ എഫ്. ആർ. പി. 720 സുറുമി എന്ന റിമാന്റ് പ്രതി ഫീമെയിൽ അസി. പ്രിസൺ ഓഫിസർ ശ്രീമതി. ജയശ്രീ സി. ബി യെ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചത് വിയ്യൂർ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുള്ളതാണ്.

## സെൻട്രൽ ജയിൽ, വിയ്യൂർ

1) വിയ്യൂർ സെൻട്രൽ ജയിലിൽ നിന്നും മൂവാറ്റുപുഴ സ്പെഷ്യൽ സബ് ജയിലിലേക്ക് മാറ്റി പാർപ്പിച്ച സി. നം. 6346 സുൾഫിക്കർ എന്ന തടവുകാരൻ ഉദ്യോഗസ്ഥനെ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചതിന് മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ ക്രൈം 2143/14 എന്ന നമ്പർ കേസ് രജിസ്റ്റർ ചെയ്തു.

2) 01.07.2014-ന് ജയിലിലെ 'ഡി' ബ്ലോക്കിൽ ടി.പി. വധക്കേസ്സ് പ്രതികളുടെ നിരീക്ഷണവുമായി ബന്ധപ്പെട്ട് ഡ്യൂട്ടിയിലുണ്ടായിരുന്ന അസി: പ്രിസൺ ഓഫീസർ ശ്രീ. എം.ആർ. രമേഷിനെ ജീവപര്യന്തം തടവുകാരനായ സി.നം: 1125 കൃഷ്ണകുമാർ @ അമ്പലമുക്ക് കൃഷ്ണകുമാർ കരിങ്കല്ലെടുത്ത് തലയിലിടിച്ച് പരിക്കേൽപ്പിക്കുകയുണ്ടായി. ടി വിഷയത്തിൽ വിയ്യൂർ പോലീസ് കേസ്സെടുത്ത് അന്വേഷണം നടത്തിവരികയാണ്. ടി കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**